നം.എൽ.എഫ്.കെ.പി.2/1014/2015 തീയതി 08.09.2015

# കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ

# 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ

# വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്. )

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 2012-13 -L.F.K.P14/Gp/58/31-12-13 പ്രകാരം വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് |
| | 2013-14 -L.F.K.P14/Gp/58/31-12-14 പ്രകാരം വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി.

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 01.11.12 മുതൽ 30.06.15 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.11.12 മുതൽ 31.03.15 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും |
|---|---|
| 15.7.15 മുതൽ 29.7.15 വരെ | ശ്രീ. എസ്. ഷൈജു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br><br>ശ്രീ. സജി പി.ആർ, |

| | |
|---|---|
| | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖ വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ജിജി ജോർജ്, സീനിയർ ഗ്രേഡ് ഒാഡിറ്റർ<br>ശ്രീ. ഷാജിമോൻ പി.ബി., ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.പ്രേംജി.ആർ. 1.4.12 മുതൽ 31.3.14 വരെ |
| സെക്രട്ടറി | ശ്രീ.നോയൽ രാജ്.ജെ.വി. 1.4.12 മുതൽ 20.06.12 (FN) വരെ<br>ശ്രീമതി സെൽമ.പി.എച്ച്. 20.06.12 (AN) മുതൽ 31.3.14 വരെ. |

## സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | |
|---|---|
| വികസനകാര്യം | ശ്രീ.ബേബിജോസഫ്1.4.12 മുതൽ 20.6.13 വരെ.<br>ശ്രീ.സുബാഷ് ജോർജ് 21.6.13 മുതൽ 1.4.14 വരെ |
| ക്ഷേമ കാര്യം | ശ്രീമതി എൽസി ജോസഫ് 1.4.12 മുതൽ 20.6.13 വരെ. |

| | |
|---|---|
| | ശ്രീമതി ജിജി ജോസ്. 21.6.13 **മുതൽ** 31.3.14 വരെ. |
| ആരോഗ്യ വിദ്യാഭ്യാസം | ശ്രീ.രവീന്ദ്രനാഥൻ നായർ 1.4.12 **മുതൽ** 31.3.14 വരെ. |
| ധനകാര്യം | ശ്രീമതി സൗമ്യ ബിജു. 1.4.12 **മുതൽ** 7.7.13 വരെ<br>ശ്രീമതി സൈന ജോയി, 8.7.13 **മുതൽ** 31.3.14 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് |
|---|---|
| കൃഷി ഓഫീസർ | ശ്രീ.ഷെയിസ്.എസ്.1.4.12 **മുതൽ** 31.3.14 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.സീനിയ.പി.കെ1-4-12 **മുതൽ** 31-3-14 വരെ. |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.രാധിക വിജയൻ 1-4-12 **മുതൽ** 31-3-14 വരെ |
| അസി.എൻജിനീയർ | ശ്രീ.സുരേഷ്.കെ.ജി. 1-4-12 **മുതൽ** 20-8-12 വരെ<br>ശ്രീ. വി.എം.ദേവസ്യാ.21-8-12 to 26-12-12 വരെ<br>ശ്രീമതി ഗംഗ.ജി. 27-12-12 **മുതൽ** 26-6-13 വരെ<br>ശ്രീ. വിനുരാജ്. 27-613 **മുതൽ** 31-3-14 വരെ |
| | |

| | |
|---|---|
| എച്ച്.എം.<br>എച്ച്.ഡബ്ല്യു.എൽ.പി.എസ്. | ശ്രീ.സുബ്രഹ്മണ്യൻ നമ്പൂതിരി.<br>1-4-12 മുതൽ 31-3-14 വരെ |
| വി.ഇ.ഒ. | ശ്രീ.അരുൺ പിള്ള.1-4-12 മുതൽ 31-3-14 വരെ |
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഉഷാകുമാരി.പി.ജി.1-4-12 മുതൽ 31-3-2014 വരെ |
| വെറ്റിറിനറി സർജൻ | ഡോ.ബിജു.കെ.1-4-12 മുതൽ 22.5.13 വരെ<br>ഡോ.അജിൻജോസ്. 23.5.13 മുതൽ 31.3.14 വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ് .

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും.

ഭാഗം 2 : വരവ് കണക്കുകളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ , ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ , ഓഡിറ്റ് ശുപാർശകൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില , ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധ പത്രികകൾ**

ഓഡിറ്റ് ചെയ്ത

1. ബാലൻസ് ഷീറ്റ്
2. റെസീപ്റ്റ് & പേമെന്റ് അക്കൗണ്ട്
3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്.
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

## ഭാഗം –1

## പൊതു അവലോകനം

### 1–1 ബജറ്റ്

2012-13 വർഷത്തെ ബജറ്റ് 22-3-2012 ലെ 1 നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്ഥിരം സമിതിയും 29/03/2012 ലെ 1 നമ്പർ തീരുമാന പ്രകാരം ഭരണസമിതിയും ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 31818000 |
| പ്രതീക്ഷിത ചെലവ് | 30184000 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | 1634000 |

2013-14 വർഷത്തെ ബജറ്റ് 20-3-13- ലെ 1 നമ്പർ തീരുമാനപ്രകാരം ധനകാര്യം സ്ഥിരം സമിതി പാസ്സാക്കി തുടർന്ന് പഞ്ചായത്ത് കമ്മിറ്റി 25/03/2013 ലെ 1 നമ്പർ തീരുമാന പ്രകാരം ടി ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്

| | |
|---|---|
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 39326775 |
| പ്രതീക്ഷിത ചെലവ് | 25573000 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | 13753775 |

1 -2 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ബിൽ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസിറ്റർ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ലഭിക്കുന്ന സാധനങ്ങളുടെ വിവരങ്ങൾ സ്റ്റോക്കിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷം തിരിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുകയോ, സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷകരുടെ വിവരങ്ങൾ ഉൾപ്പെടുത്തി അഡ്മിഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1- 3 ലോഗ്ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് വാങ്ങിയ ഔദ്യോഗിക വാഹനം (KL-35c-9316 -ാം നമ്പർ ബൊലേറോ ജീപ്പ് ) 27-2-12-ലാണ് ലഭിച്ചത്. ഓഡിറ്റ് കാലയളവ് വരെ 160000 കി.മീറ്റർ ദൂരം വാഹനം ഓടിയിട്ടുണ്ടെന്ന് ഓഡോമീറ്റർ റീഡിംഗിൽ നിന്നും വ്യക്തമായി. 17-9-2013 ന് ശേഷം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. ആറ് മാസത്തിലൊരിയ്ക്കൽ ഇന്ധനക്ഷമതടെസ്റ്റ് നടത്തേണ്ടതും ഇത് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്. വാഹനത്തിന്റെ ടാങ്കിൽ ഫുൾ കപ്പാസിറ്റി ഇന്ധനം നിറക്കേണ്ടതാണെന്നും ആ വിവരം ലോഗ് ബുക്കിൽ കോളം 4-ൽ രേഖപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥയുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ല. യാത്ര തുടങ്ങുന്നതിന് മുമ്പ് തന്നെ ലോഗ്ബുക്കിൽ യാത്രയെ

സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും യാത്ര അവസാനിച്ചാലുടൻ യാത്ര ചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പും രേഖപ്പെടുത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയും പലപ്പോഴും പാലിക്കപ്പെടുന്നില്ല. ലോഗ് ബുക്കിന്റെ 14-ാം കോളത്തിൽ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതാത് മാസത്തെ ഇന്ധന ഉപഭോഗം, യാത്ര ചെയ്ത ദൂരം എന്നിവ സംബന്ധിച്ച സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ മാസാവസാനം രേഖപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

മേൽപ്പറഞ്ഞ ഏതെങ്കിലും നിർദ്ദേശങ്ങളോ നിലവിലുള്ള മറ്റ് ചട്ടങ്ങളോ പാലിക്കപ്പെടാത്തതിന് കസ്റ്റോഡിയൻ ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1 -4 ഔദ്യോഗിക വാഹനം സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മിച്ചിട്ടില്ല

ഔദ്യോഗിക വാഹനം സൂക്ഷിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് കാര്യാലയവളപ്പിൽ ഉണ്ടെന്നിരിക്കെ, വാഹനം ലഭ്യമായി മൂന്ന് വർഷങ്ങൾക്ക് ശേഷവും ഷെഡ് നിർമ്മിച്ചിട്ടില്ല. പുതിയ പഞ്ചായത്ത് ഓഫീസ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചെങ്കിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഷെഡ് നിർമ്മിക്കാതിരിക്കുന്നത് അധികൃതരുടെ ഭാഗത്തുള്ള താത്പര്യക്കുറവായി വിലയിരുത്തുന്നു.ഷെഡ് നിർമ്മിച്ച് വാഹനം സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1 -5 ഗ്രാമസഭകളുടെ പ്രവർത്തനം

2012-13, 13-14 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. 1994-ലെ കേരളാപഞ്ചായത്ത് രാജ് നിയമം വകുപ്പ് 3, പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം ചേരേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ പല വാർഡുകളിലും 5 മാസം കൂടുമ്പോൾ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ, പദ്ധതി നിർദ്ദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്യുതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള യോഗങ്ങൾ മാത്രമായി പരിമിതപ്പെടുന്നു. ഗ്രാമസഭകൾ കൃത്യമായി നടത്തുന്നതിനും (മൂന്ന് മാസത്തിലൊരിയ്ക്കൽ) ഗ്രാമസഭകളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-6 വാർഷിക പദ്ധതി അവലോകനം

**വാർഷിക പദ്ധതി അവലോകനം -2012-13**

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2012-13 വർഷത്തെ വാർഷിക പദ്ധതിക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15-10-12ലെ (1)നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ 27-5-13-ലെ 1835/12/ഡി.പി.സി./ഡി.പി.ഒ./കോട്ടയം നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് 10085445/- രൂപയും മെയിന്റനൻസ് ഗ്രാന്റ് 3666926 രൂപയും, ഇതരസ്രോതസ്സുകളിൽ നിന്നുള്ള 8265189/- രൂപയും ഉൾപ്പടെ ആകെ 22017560 രൂപയുള്ള വാർഷിക അടങ്കലിനാണ് ആസൂത്രസമിതിയുടെ അംഗീകാരം ലഭിച്ചത്. 15 സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പടെ അംഗീകാരം ലഭിച്ച 95 പ്രോജക്ടുകളിൽ 82 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയും വിവിധ സ്രോതസ്സുകളിൽ നിന്നും 9378165രൂപ ചെലവഴിക്കുകയും ചെയ്തു. തൻവർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ മേഖല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| മേഖല | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| ഉദ്പാദന മേഖല | 9 | 7 |
| സേവന മേഖല | 61 | 55 |
| പശ്ചാത്തല മേഖല | 25 | 20 |
| ആകെ | 95 | 82 |

വാർഷിക പദ്ധതിയുടെ മേഖലാടിസ്ഥാനത്തിലുള്ള ചെലവ് ശതമാനം താഴെ കൊടുക്കുന്നു.

| മേഖല | വകയിരുത്തിയതുക | ചെലവഴിച്ചതുക | ചെലവ്ശതമാനം |
|---|---|---|---|
| ഉദ്പാദന മേഖല | 4935876 | 522095 | 10.57 |
| സേവന മേഖല | 12203933 | 6516577 | 53.39 |
| പശ്ചാത്തല മേഖല | 4877751 | 2339493 | 47.96 |
| ആകെ | 22017560 | 9378165 | 42.59 |

സർക്കാർ ധനസഹായമിനത്തിൽ 2012-13, 2013-14 വർഷങ്ങളിൽ ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ്ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ (ബ്ലോക്ക് വിഹിതം) | 33120 | 4142029 | 4175149 | 3331666 | 843483 | 79.79 |
| എസ്.സി.പി. | 1082236 | 1032000 | 2114236 | 1136965 | 977271 | 53.77 |
| റ്റി.എസ്.പി. | 33525 | 104000 | 137525 | 34660 | 102865 | 25.20 |
| ആകെ | 1148881 | 5278029 | 6426910 | 4503291 | 1923619 | 70.06 |

| | | | | | | |
|---|---|---|---|---|---|---|
| 13-ധനകാര്യകമ്മീഷൻഗ്രാന്റ് | - | 2331499 | 2331499 | 1710735 | 620764 | 73.37 |
| ലോകബാങ്ക് | 1884 | 1346000 | 1347884 | - | 1347884 | 0 |
| ആകെ | 1150765 | 8955528 | 10106293 | 6214026 | 389226 | 61.58 |
| മെ.ഗ്രാന്റ്റോഡിതരം | 973361 | 705000 | 1678361 | 1529605 | 148756 | 91.13 |
| മെ.ഗ്രാന്റ് റോഡ് | 541565 | 1447000 | 1988565 | 1557563 | 431002 | 78.32 |
| ആകെ | 1514926 | 2152000 | 3666926 | 3087168 | 579758 | 84.18 |

**വാർഷികപദ്ധതി-നേട്ടങ്ങളും കോട്ടങ്ങളും**

<u>നേട്ടങ്ങൾ</u>

1. ഉല്പാദന മേഖലയിൽ 9 പ്രോജക്റ്റുകൾ ആസൂത്രണം ചെയ്തതിൽ 7എണ്ണം നടപ്പാക്കി.

2. ഉല്പാദന മേഖലയിൽ പച്ചക്കറി കൃഷി, വിത്ത്, വളം ലഭ്യമാക്കൽ കാലിത്തൊഴുത്ത് വിതരണം തുടങ്ങിയ പ്രോജക്റ്റുകൾ നടപ്പാക്കി.

<u>കോട്ടങ്ങൾ</u>

1.ആകെ അടങ്കലിന്റെ 42.59 ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

2.ആസൂത്രണം ചെയ്ത 95 പ്രോജക്റ്റുകളിൽ 13 എണ്ണം നടപ്പാക്കിയില്ല.

3.ഉല്പ്പാദന മേഖലയിൽ ആകെ വകയിരുത്തിയിരുന്ന 4935876 രൂപയിൽ 522095 രൂപ മാത്രമാണ് ചെലവഴിച്ചത്.(ചെലവ്ശതമാനം 10.57)

4.വാർഷിക പദ്ധതിക്കുവേണ്ടി തനതുഫണ്ടിൽ തുകയൊന്നും വകയിരുത്തിയില്ല.

5.ലോകബാങ്ക് ധനസഹായമിനത്തിൽ 1347884 രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചില്ല.

**വാർഷിക പദ്ധതി -2013 -14**

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2013-14 വർഷത്തെ വാർഷിക പദ്ധതിക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 31-5-13 ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ 31-5-14 ലെ 812/14/ഡി.ഡി.പി./ഡി.പി.ഒ./കോട്ടയം നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് 13344267 രൂപയും മെയിന്റനൻസ് ഗ്രാന്റ് 4109758രൂപയും ഇതര സ്രോതസ്സുകളിൽ നിന്നുള്ള 7409902 രൂപയും ഉൾപ്പടെ ആകെ 24863927 രൂപയാണ് വാർഷിക പദ്ധതി അടങ്കൽ. 19 സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പടെ അംഗീകാരം ലഭിച്ച 104 പ്രോജക്റ്റുകളിൽ 104 പ്രോജക്ടുകളും തൻവർഷം നടപ്പാക്കുകയും വിവിധ സ്രോതസ്സുകളിൽ നിന്നും 22733416 രൂപ ചെലവഴിക്കുകയും ചെയ്തു.

തൻവർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ മേഖല തിരിച്ചുള്ളകണക്കുകൾ ചുവടെ ചേർക്കുന്നു.

| മേഖല | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം |
|---|---|---|
| ഉദ്പാദന മേഖല | 10 | 10 |
| സേവന മേഖല | 67 | 67 |
| പശ്ചാത്തല മേഖല | 27 | 27 |
| ആകെ | 104 | 104 |

വാർഷിക പദ്ധതിയുടെ മേഖലാടിസ്ഥാനത്തിലുള്ള ചെലവ് ശതമാനം താഴെ കൊടുക്കുന്നു.

| മേഖല | വകയിരുത്തിയതുക | ചെലവഴിച്ചതുക | ചെലവ്ശതമാനം |
|---|---|---|---|
| ഉദ്പാദന മേഖല | 3771016 | 3442220 | 91.28 |
| സേവന മേഖല | 12405471 | 11569066 | 93.25 |
| പശ്ചാത്തല മേഖല | 8687440 | 7722130 | 88.88 |
| ആകെ | 24863927 | 22733416 | 91.43 |

സർക്കാർ ധനസഹായമിനത്തിൽ 2013-14-ൽ ലഭിച്ച തുകകളുടെ വിശദാംശങ്ങൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ്ശതമാനം |
|---|---|---|---|---|---|---|
| ജനറൽ | 843483 | 4252000 | 5095483 | 5095483 | - | 100 |
| എസ്.സി.പി. | 977271 | 1115000 | 2092271 | 2092271 | - | 100 |
| റ്റി.എസ്.പി. | 102865 | 118000 | 220865 | 220865 | - | 100 |
| ആകെ | 1923619 | 5485000 | 7408619 | 7408619 | - | 100 |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 620764 | 2495880 | 3116644 | 3115764 | 880 | 99.97 |
| ലോകബാങ്ക് | 1347884 | 1472000 | 2819884 | 2819703 | 181 | 99.99 |
| ആസ്തിപരിപാലനഗ്രാന്റ്റോഡ് | 431002 | 1786000 | 2217002 | 2217002 | - | 100 |
| ആസ്തിപരിപാലനഗ്രാന്റ് നോൺറോഡ് | 148756 | 1744000 | 1892756 | 1892756 | - | 100 |
| ആകെ | 4472025 | 12982880 | 17454919 | 17453844 | 1061 | 99.99 |

## വാർഷികപദ്ധതി-നേട്ടങ്ങളും കോട്ടങ്ങളും

### <u>നേട്ടങ്ങൾ</u>

**1.ആകെ ആസൂത്രണം ചെയ്ത 104 പ്രോജക്ടുകളിൽ 104 എണ്ണം നടപ്പാക്കി.**

2.ആകെ പദ്ധതി അടങ്കലിന്റെ 91.43 ശതമാനം തുക ചെലവഴിച്ചു.

3.വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വിഭാഗങ്ങളിൽ 100 ശതമാനം ചെലവഴിച്ചു

4.ഉല്പാദന മേഖലയിൽ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ, ജലസേചനത്തിന് പമ്പ്സെറ്റ് നൽകൽ, മുട്ടക്കോഴി വിതരണം എന്നീ പ്രോജക്ടുകൾ നടപ്പാക്കി.

<u>കോട്ടങ്ങൾ</u>

1.പനക്കപ്പാലം എസ്.സി.വനിത ഉല്പന്ന വിപണന കേന്ദ്രം കെട്ടിട നിർമ്മാണത്തിനായി 48 ലക്ഷത്തോളം രൂപ ചെലവഴിച്ചെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞില്ല.

2.അഞ്ഞൂറ്റിമംഗലം വൃദ്ധസദനത്തിന് ഫർണിച്ചർ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ, ചിതപ്പെട്ടി വാങ്ങൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയപ്പോൾ സുതാര്യത പാലിക്കപ്പെട്ടില്ല.

## <u>ഭാഗം –2</u>

## <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

2-1 രസീതുകളുടെ പരിശോധന

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങളിലെ) ചട്ടം 5(3) പ്രകാരം കാഷ് ബുക്ക് ദിനം പ്രതി ക്ലോസ് ചെയ്യേണ്ടതാണ്. ചട്ടം 5(4) പ്രകാരം, ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകളും, നീക്കിയിരിപ്പും പരിശോധിക്കേണ്ടതും അത്തരം പരിശോധനയുടെ സൂചകമായി ക്യാഷ് ബുക്കിൽ ഒപ്പ് വയ്ക്കേണ്ടതുമാണ്. ചട്ടം 6(4) പ്രകാരം ബാങ്ക് ബുക്ക് ഓരോ ദിനാന്ത്യത്തിലും ക്ലോസ്

ചെയ്യേണ്ടതും ആകെ തുക കണക്കാക്കി ബാങ്ക് ബുക്ക് പ്രകാരം ഓരോ ബാങ്ക് അക്കൗണ്ടിലും ട്രഷറി അക്കൗണ്ടിലുമുള്ള നീക്കിയിരിപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ തലപ്പലം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനാന്ത്യ ക്ലോസിംഗ് നടത്തുന്നില്ല. ക്യാൻസൽ ചെയ്യുന്ന രസീതുകൾ മറ്റ് രസീതുകളോടൊപ്പം സൂക്ഷിക്കുന്നതിനാൽ പരിശോധിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. അവ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റേഷനറി സ്റ്റോക്കിൽ എടുക്കുന്നുണ്ട്. എങ്കിലും വിതരണ വിവരങ്ങൾ രേഖപ്പെടുത്തുകയോ, സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തുകയോ ചെയ്യുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി

1. ഗ്രാമ പഞ്ചായത്തിന്റെ ഏറ്റവും വലിയ തനതു വരുമാന സ്രോതസ്സാണ് വസ്തു നികുതി. എഴുതി തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി.പത്രിക പ്രകാരം 31-3-14 ൽ 58616രൂപ മാത്രമാണ് വസ്തുനികുതി ഇനത്തിൽ കുടിശ്ശികയുള്ളത്. എന്നാൽ 2013-14 വാർഷിക ധനകാര്യപത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി കുടിശ്ശിക 108486.55 രൂപയാണ്. തയ്യാറാക്കിയ ഡി.സി.ബി.യിലെ തുകയും, ബി-15 ഷെഡ്യൂളിലെ തുകയും തമ്മിൽ 49870.55 രൂപയുടെ വ്യത്യാസം കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരിക്കുന്നതിന് അധികാരികൾ സാധിക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. നിരവധി അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടക്കുന്നുണ്ട് എങ്കിലും അവയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിലായി 4282 കെട്ടിടങ്ങൾ ഉണ്ട്. ഇതിൽ 4247 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും 35 കെട്ടിടങ്ങളുടെ വിവരം മാത്രമാണ് ഇപ്രകാരം സഞ്ചയ

സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്നത്. ടി വിവരങ്ങൾ കൂടി ചേർത്ത് വസ്തുനികുതി ഡിമാന്റ് പ്രക്രിയ പൂർത്തീകരിക്കേണ്ടതാണ്.

2-2(A) ഉടമസ്ഥാവകാശം കൈമാറൽ-കാലതാമസത്തിന് നിയമാനുസൃത ഫീസ് ഈടാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 22(1) പ്രകാരം ഏതെങ്കിലും കെട്ടിടത്തിന് വസ്തു നികുതി കൊടുക്കുവാൻ ബാധ്യസ്ഥനായ ആൾ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്ന സംഗതികളിൽ കെട്ടിടം കൈമാറ്റം ചെയ്യുന്ന ആളും കൈമാറി കിട്ടുന്ന ആളും കൈമാറ്റത്തെ സംബന്ധിച്ച്, കൈമാറ്റം ചെയ്ത് മൂന്ന് മാസത്തിനുള്ളിൽ സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതാണ്. കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ, രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ചവരുത്തുന്ന ആളുടെ മേൽ സെക്രട്ടറിക്ക് അഞ്ഞൂറുരൂപയിൽ കവിയാത്ത തുക പിഴ ഈടാക്കാവുന്നതാണ്. (ചട്ടം 22(5)) എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കാതിരുന്ന ചില സന്ദർഭങ്ങൾ ഓഡിറ്റ് വേളയിൽ കാണുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിടത്തിന്റെ വിവരങ്ങൾ | കൈമാറിക്കിട്ടിയ ആളുടെ വിവരം | ആധാരത്തിന്റെ വിവരങ്ങൾ /പഞ്ചായത്ത് രേഖകളിൽ ഉടമസ്ഥാവകാശം മാറ്റിയ തീയതി |
|---|---|---|---|
| 1 | V11-51(i) അജിതാകുമാരി.റ്റി.ആർ. | മാത്യു.എ.എം. അരിമറ്റത്തിൽ | ഡീഡ്നം.812/1118-4-11 |

| | | | |
|---|---|---|---|
| | തൃക്കാരൂർ | | -08-05-2012 |
| 2 | V111-142(j)മറിയാമ്മ കുര്യൻ മുതുപുന്നയ്ക്കൽ | റ്റി.ജി.ചെല്ലപ്പൻ കാവാട്ടുപറമ്പിൽ | ഡീഡ്നം.2713/11/19-12-11 -/11-01-13 |
| 3 | V11-139(a) തോമസ്.ഇ.റ്റി. ഇളംതുരുത്തിയിൽ | ജോർജ്ജുകുട്ടി ജോസഫ് കുടക്കച്ചിറ | ഡീഡ്നം-1332/11/20-6-11/ -31-10-12 |
| 4 | V111-243(d) ഇബ്രാഹിംകുട്ടി പുത്തനാറയ്ക്കൽ | നാസിം പഴയമ്പള്ളിൽ | ഡീഡ്നം-2732/1/12/6-12-12/ -07-03-13 |

മേൽ പ്രസ്താവിച്ച ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട തുക നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ അപാകത പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 (A) ഡി&ഒ ട്രേഡ് ലൈസൻസ്- അപാകതകൾ

മുൻ സാമ്പത്തിക വർഷങ്ങളിൽ വിവിധ വ്യാപാരാവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് നേടിയ വ്യക്തികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലൈസൻസ് നേടിയ വ്യാപാരികളുടെ എണ്ണം |
|---|---|
| 2011-12 | 93 |
| 2012-13 | 133 |
| 2013-14 | 125 |
| 2014-15 | 181 |

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾ, റേഷൻ കടകൾ, റബ്ബർ ഉത്പാദക സംഘങ്ങൾ മുതലായ സ്ഥാപനങ്ങൾ നാളിതുവരെ ലൈസൻസ് നേടിയിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം 255 വകുപ്പ് പ്രകാരമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2-3 (b) യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയില്ല

യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങൾക്കും ഘടിപ്പിച്ചിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുപാതികമായ നിരക്കിൽ ഫീസ് ഇൌടാക്കാതെയാണ് 2012-13, 13-14 സാമ്പത്തിക വർഷങ്ങളിൽ ലൈസൻസ് അനുവദിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | അപേക്ഷകന്റെ പേര്/ സ്ഥാപനത്തിന്റെ വിവരങ്ങൾ | സാമ്പത്തികവർഷം | അപേക്ഷ പ്രകാരം ഈടാക്കിയ ഫീസ്/ രസീത് നമ്പർ | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | അബ്ദുൾ ജബ്ബാർ, കെ.കെ.ഫ്ലോർമിൽ | 2012-13 | 86 HP-500/23/28429/03.05.12 | 1000 | 500 |
| 2 | ഇ.എ).റഹിയാനത്ത്, അജ്മീ ഫ്ലോർമിൽ | 2012-13 | 101HP- 510/ 45/28429/9-5-12 | 2000 | 1490 |
| 3 | ജിൻസ്മോൻ | 2012-13 | | 1000 | 1000 |

| | | | | | |
|---|---|---|---|---|---|
| | തോമസ്, തടിമിൽ | | 61HPഫീസ് ഈടാക്കിയില്ല<br>D&O.36/28416/20.03.12 | | |
| | ആകെ | | | | 2990 |
| 4 | റെൻസീന ബിജു. ഹിമാ മിൽക്ക് പ്രോഡക്ട്സ് | 2013-14 | 55-HP -ഫീസ് ഈടാക്കിയില്ല.<br>ഡി & ഒ.11202101026/18.03.13 | 1000 | 1000 |
| 5 | എ.വി.ജോസഫ്, അരയത്തിനാൽ | 2013-14 | 20-HP-ഫീസ് ഈടാക്കിയില്ല.<br>ഡി & ഒ.11302100265/01.07.13 | 200 | 200 |
| 6 | അബ്ദുൾ ജബ്ബാർ, കെ.കെ.ഫ്ലോർമിൽ | 2013-14 | 86HP- ഫീസ് ഈടാക്കിയില്ല<br>Rt.No.11202101065/21.03.13 | 1000 | 1000 |
| 7 | രാജേഷ് പി.ജോസ്, പാറമട | 2013-14 | 45HPഫീസ് ഈടാക്കിയില്ല<br>D&O.11202101065/21.03.13 | 500 | 500 |
| 8 | ഇ.എ.റഹിയാനത്ത്, അജ്മീ ഫ്ലോർമിൽ | 2013-14 | 176HP- 1000/<br>11202101076/22-3-13 | 2000 | 1000 |
| 9 | കെ.കെ.അബ്ദുൾ | 2013-14 | 59.5Hp+100KVA | 1000+670=1670 | 670 |

| | | | | | |
|---|---|---|---|---|---|
| | ഖാദർ, അജ്മീ ഫ്ലോർ മിൽ | | 1000/112022101075/22-3-13 | | |
| 10 | ജിൻസ്മോൻ തോമസ്, തടിമിൽ | 2013-14 | 61Hp-500/1120210278/12-4-13 | 1000 | 500 |
| | ആകെ | | | | 4870 |

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 17-പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് -III-ാം പട്ടിക പ്രകാരവും, മറ്റ് ശക്തികൾ കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് മേൽ ചട്ടങ്ങളിലെ ചട്ടം 20-പ്രകാരം പട്ടിക 1V-ൽ പറഞ്ഞിട്ടുള്ള പ്രകാരവും ഫീസ് ഈടാക്കേണ്ടതാണ്. ഇപ്രകാരം ഫീസ് ഈടാക്കാത്തതുമൂലം 2012-13-ൽ 2990/ രൂപയുടേയും, 2013-14-ൽ 4870/ രൂപയുടെയും നഷ്ടം ഉൾപ്പടെ ആകെ 7860/ രൂപയുടെ നഷ്ടം ഉണ്ടായതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-7) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ അല്ലാത്തപക്ഷം ഇക്കാലയളവിലെ സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്നും തുല്യമായോ ഈടാക്കേണ്ടതാണ്.

## 2-4 (a) സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

2012-13, 13-14 സാമ്പത്തിക വർഷങ്ങളിലെ ഡി&ഓ ട്രേഡ് ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ, പല സ്ഥാപനങ്ങളും കൃത്യമായി ലൈസൻസ് പുതുക്കുന്നില്ലാ എന്ന് കാണുന്നു. ഇക്കാരണത്താൽ പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര്/ഉടമയുടെ പേര് | ലൈസൻസ് പുതുക്കിയ വർഷം/ഈടാക്കിയ ഫീസ്/രസീത് നമ്പർ | പുതുക്കാത്ത വർഷം | നഷ്ടം |
|---|---|---|---|---|
| 1 | ശ്രീ.അലക്സ് ജോർജ് കൊടി ഹെൽത്ത്കെയർ പ്രൈ.ലിമിറ്റഡ് (1v-145a) | 2013-14/ ഫീസ്-4000/11302100227/14-6-13.<br><br>തൊഴിൽ നികുതി-2500/11302100133/13-5-13 | 2012-13<br><br>(രജിസ്റ്റർ പ്രകാരം സ്ഥാപനം 2009-10മുതൽ പ്രവർത്തിക്കുന്നതാണ്) | 6500/ |
| 2 | ശ്രീ.ബിജോതോമസ് ഗ്ലാസ്സ് ഹൗസ് (v11-261d,e) | 2012-13 ഫീസ്-300<br><br>തൊഴിൽനികുതി-900<br><br>39/41050/28-6-2012 | 2013-14 (സ്ഥാപനം 14-15വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ട്) | 1200/ |
| 3 | അലക്സ് തോമസ് മാടയ്ക്കൽ ടയേഴ്സ് | 2012-13-ഫീസ്-1000<br><br>തൊഴിൽനികുതി-2500<br><br>എച്ച്.പി -50<br><br>21/41049/22-8-12 | 2013-14(സ്ഥാപനം 14-15വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ട്) | 3550/ |
| 4 | ഉണ്ണിക്കുഞ്ഞ് ജോർജ് ഇലക്ട്രിക്കൽ&അലൈഡ് | 2012-13-ഫീസ് -500 | 2013-14(സ്ഥാപനം 14-15വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ട്) | 2000/ |

| | | | | |
|---|---|---|---|---|
| | പ്രോഡക്ട്സ്,ഹോം അപ്ലയൻസസ്(v11-5j,k) | തൊഴിൽനികുതി -1500<br><br>10/41051/29-10-12 | | |

ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ 2012-13-ൽ 6500/ രൂപയും 2013-14-ൽ 6750 രൂപയും ഉൾപ്പടെ 13250/രൂപയുടെ നഷ്ടം (മുൻവർഷത്തെ ഫീസിനെ അടിസ്ഥാനമാക്കി). ഒരു വർഷത്തെ ഫീസിനെ മാത്രം അടിസ്ഥാനമാക്കി മുൻ-പിൻ വർഷത്തെ ഫീസ് കണക്കാക്കാൻ സാധിക്കാത്തതിനാൽ ഈ ഇനത്തിലുള്ള നഷ്ടം നിജപ്പെടുത്തുന്നതിനാവശ്യമായ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നു. മേൽ വിഷയത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-6- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2-4 തൊഴിൽ നികുതി

## 2-4 (A) ഡിമാന്റിൽ നിന്ന് ഒഴിവാക്കി

2012-13 സാമ്പത്തിക വർഷം ഒന്നാം അർദ്ധവർഷം സെന്റ്. ആന്റണീസ് ഹൈസ്കൂൾ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയപ്പോൾ ഹൈസ്കൂൾ അസിസ്റ്റന്റായ ശ്രീ.ജിനു.വി.വല്ലനാട്ട് എന്നയാളുടെ തൊഴിൽ നികുതി 1250/രൂപ ഈടാക്കിയിരുന്നു. എന്നാൽ രണ്ടാം അർദ്ധവർഷം സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്തിയിരുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ പുതിയ നിയമനം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള സാമ്പത്തിക വർഷം ടിയാൾ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയ ജീവനക്കാരനെ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന്

വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-8ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2-4(B) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2012-13-സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ 101-Aനമ്പർ കെട്ടിടത്തിൽ തടിമിൽ നടത്തുന്നതിന് ശ്രീ.സുഭാഷ് ജോർജ്, വലിയമംഗലം എന്നയാൾക്ക് ലൈസൻസ് നൽകിയപ്പോൾ തൊഴിൽ നികുതിയായി 2500/രൂപ (77/41049/10-09-12രസീത് പ്രകാരം) ഈടാക്കിയിരുന്നു. എന്നാൽ 2013-14-ൽ ടി സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നൽകിയപ്പോൾ തൊഴിൽ നികുതിയായി 600/രൂപ മാത്രമാണ് (രസീത് നം.11302100078/25-04.13) ഈടാക്കിയിട്ടുള്ളത്. ഈ ഇനത്തിൽ 1900/രൂപയുടെ കുറവ് ഉണ്ടായതായി കാണുന്നു. അപേക്ഷയിൽ പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണ റിപ്പോർട്ട് ചേർത്തിട്ടുണ്ട്. എങ്കിലും സ്ഥാപനത്തെ സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. സമഗ്രമായ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് അനുവദിച്ചതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. തൊഴിൽ നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-10) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

2-4 (c) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ രണ്ടർദ്ധവർഷങ്ങളിലും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) മേലമ്പാറ സർവ്വീസ് സഹകരണ ബാങ്ക്, തേവർപാടം ശാഖ

2) മേലമ്പാറ സർവ്വീസ് സഹകരണ ബാങ്ക്, ചിറ്റാനപ്പാറ ശാഖ

3) തലപ്പുലം സർവ്വീസ് സഹകരണ ബാങ്ക്, നരിയങ്ങാനം ശാഖ

4) തലപ്പുലം സർവ്വീസ് സഹകരണ ബാങ്ക്, കളത്തുക്കടവ് ശാഖ

5) തലപ്പുലം സർവ്വീസ് സഹകരണ ബാങ്ക്, അരുവിത്തുറ കോളേജ് ജംഗ്ഷൻ ശാഖ

6) ഹോളി ഫാമിലി ഹോസ്പിറ്റൽ പ്ലാശനാൽ

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9) മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം –3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പെട്രോളിയം കമ്പനിയിൽ അധികമായി അടച്ച തുക തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 12-13 വാർഷിക പദ്ധതിയിൽ ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾക്ക് ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും ടാർ വാങ്ങി സപ്ലൈ ചെയ്തിരുന്നു. ഇൻവോയ്സ് നം. c.Dir. Bit/ 19.9.12 പ്രകാരം ഒരു ബാരൽ ടാറിന്റെ വില 6859.2 രൂപയാണ് എന്ന് ഭാരത് പെട്രോളിയം കോർപ്പറേഷൻ അറിയിച്ചിരുന്നു. അതിൻ പ്രകാരം 36 ബാരൽ ടാറിന്റെ വില 2,46,932 രൂപ കൊച്ചി ഭാരത് പെട്രോളിയം കോർപ്പറേഷന്റെ പേരിൽ ഡി. ഡി. ആയി അസിസ്റ്റന്റ് എൻജിനീയർ നൽകി.

| ഡി. ഡി. നം/ തീയതി | തുക | ബാരൽ |
|---|---|---|
| 703353/3.10.12 | 54874 | 8 |
| 703354/3.10.12 | 54874 | 8 |
| 703355/3.10.12 | 75451 | 11 |
| 703356/3.10.12 | 61733 | 9 |
| ആകെ | 246932 | 36 |

ഇൻവോയ്സ് നം. 6300054082/6.10.12 പ്രകാരം 36 ബാരൽ ടാറിന്റെ വില 2,30,266 രൂപയാണ് എന്ന് കാണുന്നു. അധികം നൽകിയ തുക 16,666 രൂപ (246932-230266) ICICI ബാങ്കിന്റെ 5.7.13 ലെ 2,51,987 നമ്പർ ചെക്ക് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ തിരികെ നല്കി. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാൽ ചെക്ക് പുതുക്കി സെക്രട്ടറിയുടെ പേരിൽ നൽകുന്നതിന് തിരികെ ഭാരത് പെട്രോളിയം കോർപ്പറേഷന് നൽകി. ഫയൽ പരിശോധിച്ചതിൽ ടി തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. ഭാരത് പെട്രോളിയം കോർപ്പറേഷനിൽ അധികം നിൽക്കുന്ന 16,666 രൂപ തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

3-2 പനയ്ക്കപ്പാലം എസ്. സി. വനിത ഉൽപ്പന്ന വിപണനകേന്ദ്രം- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ഗ്രാമപഞ്ചായത്തിലെ എസ്. സി. വിഭാഗത്തിൽപ്പെട്ട വനിതകൾ സ്വയംതൊഴിൽ സംരഭങ്ങൾ വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഉള്ള കെട്ടിടം

പണിയുന്നതിനാണ്. പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പനയ്ക്കപ്പാലത്ത് തോട്ടുപുറമ്പോക്കിലുള്ള സ്ഥലത്ത് കെട്ടിടം പണിയുന്നതിനായി 2012-13, 13-14 വർഷങ്ങളിലായി പ്രോജക്ടുകൾ നടപ്പാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര് | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 82/13 | എസ്. സി. വനിത ഉൽപ്പന്ന വിപണന കേന്ദ്രം-ഒന്നാം ഘട്ടം | 18,71,204 | വികസനഫണ്ട്, ബ്ലോക്ക് വിഹിതം |
| 70/14 (76/13) | എസ്. സി. വനിത ഉൽപ്പന്ന വിപണന കേന്ദ്രം- രണ്ടാം ഘട്ടം | 21,21,361 | ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം |
| 92/14 | ടെറസ്സ് റൂഫിംഗ് | 8,81,516 | |
| | ആകെ | 48,74,081 രൂപ | |

2012-13 ൽ പണി തുടങ്ങിയ കെട്ടിടം നാളിതുവരെ പൂർത്തിയാക്കി വിപണന കേന്ദ്രം ആരംഭിച്ചിട്ടില്ല. കെട്ടിടം പണിത സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തോട്ടുപുറമ്പോക്കാണ് എന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതായി കാണുന്നു. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിന്നും ഉറപ്പാക്കിയിട്ടില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിന്നും സ്ഥാപിച്ചെടുക്കേണ്ടതും കെട്ടിടം പണി പൂർത്തിയാക്കി വിപണന കേന്ദ്രം പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

3-3 ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രോജക്ട് നം-82/13 (99/14)

പ്രോജക്ടിന്റെ പേര്-പനയ്ക്കപ്പാലം എസ്.സി.വനിതാ ഉത്പന്ന വിപണനകേന്ദ്രം

കെട്ടിട നിർമ്മാണം

അടങ്കൽ-1900000/-

ചെലവ്-1871204/-

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി റീടെണ്ടർ ചെയ്തപ്പോൾ ശ്രീ.സുലൈമാലൻ സമർപ്പിച്ച ഒരു ടെണ്ടർ മാത്രമേ ലഭിച്ചിരുന്നുള്ളൂ. ടിയാൻ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ടു ചെയ്തിരുന്നു. ടിയാനുമായി നെഗോഷ്യേറ്റു ചെയ്ത് 0.1% കുറവിൽ കരാർ വെച്ച് പ്രവൃത്തി നിർവ്വഹിച്ചു. കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല.

കരാറുകാരന് തുക നൽകിയ വിവരം

| | |
|---|---|
| വേലമൂല്യം | 18,71,204 |
| വാറ്റ് | 56,136 |
| ഐ. റ്റി. | 18,712 |
| ക്ഷേമനിധി വിഹിതം | 18,712 |

| | |
|---|---|
| കരാറുകാരന് നൽകിയ തുക | 17,77,644 |

ബിൽ നം. 38/12-13/30.313 പ്രകാരം 100000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നികുതി വിഹിതം 93560 രൂപ കുറച്ച് 6440 രൂപ ഡി.ഡി.നം. 988120/19.4.13 പ്രകാരം കരാറുകാരന് നൽകി. ബാക്കി 1771204 രൂപ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 13-14 ൽ നൽകി. ടെണ്ടർ വ്യതിയാനം 0.1% കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയത്. ആയതിനാൽ 1871 രൂപ (1871204x0.1%) കരാറുകാരന് അധികം നൽകി. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-4 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ- അപാകതകൾ- ചെലവ് തടസ്സപ്പെടുത്തുന്നു.

2012-13, 2013-14 വർഷങ്ങളിൽ സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ടെൻഡർ ക്ഷണിക്കാതിരിക്കൽ, ആവശ്യകത നിർണയിക്കപ്പെടാതെയും അപേക്ഷകൾ പോലും വാങ്ങാതെയും കമ്പ്യൂട്ടർ, ഫർണിച്ചർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്ത് വിതരണം നടത്താതിരിക്കൽ, കരാർ എഴുതാതെ മുദ്രപത്രം വാങ്ങി വയ്ക്കുക, സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്താതിരിക്കൽ, വിനിയോഗ വിവരങ്ങളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ഇക്കാരണങ്ങളാൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം ചെലവഴിച്ച തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമനമ്പർ | പ്രോജക്ടിന്റെവിവരങ്ങൾ | തുകകൈപ്പറ്റിയ സ്ഥാപനം | തടസ്സപ്പെടുത്താനുള്ള കാരണങ്ങൾ |
|---|---|---|---|
| 1 | S0-34/12-13സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ-ബിൽനം-700/12-13 Rs-99860/ ഡി.ഡി നം- 986988/10-4-13 | കളപ്പുരയ്ക്കൽ ഇലക്ട്രിക്കൽസ്, ഈരാറ്റുപേട്ട | ടെൻഡറുകളിൽ ഒപ്പ് തീയതി രേഖപ്പെടുത്തിയിട്ടില്ല.<br><br>വിനിയോഗ വിവരം ലഭ്യമല്ല |
| 2 | 44/12-13-ഓലായം എസ്.സി. കോളനി സാംസ്കാരിക നിലയം- ഫർണീച്ചർ വാങ്ങൽ (80 കസേരകൾ 1മേശ 1അലമാര). 702/12-13 Rs-49750-D.D-986989/10-4-13 | സാന്ദ്രാ ഏജൻസീസ് പൂഞ്ഞാർ. | ടെൻഡർ ക്ഷണിച്ച വിവരങ്ങൾ ലഭ്യമല്ല.രണ്ട് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ടെൻഡറുകളിൽ ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല. സ്റ്റോക്ക്-വിതരണ വിവരങ്ങൾ ലഭ്യമല്ല. |
| 3 | 45/12-13, ചിതപ്പെട്ടി വാങ്ങൽ- 729/12-13, Rs-79800-D.D-987403/15-4-13 | സജിൽ റ്റി.ബി. എസ്.എസ്. എൻജിനീയറിംഗ് വർക്ക്സ് പ്ലാശനാൽ | 27-9-13 (1)-നമ്പർ കമ്മറ്റി തീരുമാനപ്രകാരം സഹൃദയാ സ്വയം സഹായ സംഘത്തെ ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും ഓരോ ശവസംസ്കാരത്തിനും നൂറ് രൂപാ നിരക്കിൽ പഞ്ചായത്തിൽ അടയ്ക്കുന്നതിനും തീരുമാനിച്ചിരുന്നു എങ്കിലും നാളിതുവരെ പഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. ചിതപ്പെട്ടി സംഘത്തിന് കൈമാറിയതിന് രേഖകളില്ല. സംഘവുമായി കരാർ ചമച്ചിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല. |
| 4 | 91/12-13 കുടുംബശ്രീയൂണിറ്റുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കോഫി വെൻഡിംഗ് മെഷീൻ വാങ്ങൽ 697/12-13, Rs-34995-D.D- | കടവിൽ ഇൻഫോ ടെക് കോട്ടയം. | കുടുംബശ്രീ യൂണിറ്റുമായി കരാർ ചമച്ചിട്ടില്ല. കോഫി വെൻഡിംഗ് മെഷീൻ വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല. നിലവിൽ കോഫി വെൻഡിംഗ് മെഷീൻ |

| | | | |
|---|---|---|---|
| | 986864/5-4-13 Rs-12250- D.D-986863/5-4-13 | നവീൻ ഏജൻസീസ് കോട്ടയം | പ്രവർത്തനരഹിതമായ അവസ്ഥയിലാണ് |
| | ആകെ 2,76,655 | | |

## 2013-14

| ക്രമനമ്പർ | പ്രോജക്ടിന്റെവിവരങ്ങൾ | തുകകൈപ്പറ്റിയആളുടെവിവരം | തടസ്സപ്പെടുത്തിയതിന്റെകാരണം |
|---|---|---|---|
| 1 | 10/13-14 സ്ട്രീറ്റ് ലൈറ്റ്<br><br>ഉപകരണങ്ങൾ വാങ്ങൽ<br><br>623/13-14, Rs.70000,<br><br>D.D- 417540/4-3-14<br><br>Rs.130000, ഡി.ഡി.നം.417633/31.03.14 | കളപ്പുരയ്ക്കൽ ഇലക്ട്രിക്കൽസ് ഈരാറ്റുപേട്ട | ടെൻഡർ ക്ഷണിച്ചതിന്റേയും, ലഭിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല. സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ഒരുസ്ഥാപനത്തിൽ നിന്നുമാത്രം ടെൻഡർ ലഭിച്ചപ്പോൾ റീ ടെൻഡർ ചെയ്യാതെ സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകി. മത്സരസ്വഭാവത്തിലുള്ള ടെണ്ടറുകളിലൂടെയായിരുന്ന പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും സ്ഥാപിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല. |
| 2 | 32/13-14,<br>കൈമാറിക്കിട്ടിയസ്ഥാപനങ്ങളിലേക്ക് | ഓസോൺ സിസ്റ്റംസ് കോട്ടയം | സ്ഥാപനത്തിന്റെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |

| | | | |
|---|---|---|---|
| | ഉപകരണങ്ങൾ വാങ്ങൽ 458/13-14, Rs- 120000 D.D- 558538/9-12-13 | | സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.വി.ഇ.ഒ .ഒരു കമ്പ്യൂട്ടർ, ഒരുമോണിട്ടർ, അസി.എൻജിനീയർ ഒരു ലാപ് ടോപ്പ്, എന്നിവ കൈപ്പറ്റിയിട്ടുണ്ട്. ഒരു മോണിട്ടർ, ഒരു കമ്പ്യൂട്ടർ എന്നിവ വിതരണം ചെയ്തതിന്റെ വിവരം ഇല്ല. |
| 3 | 102/13-14, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ, പ്രിന്റർ, യു.പി. എസ് വാങ്ങൽ 599/13-14, Rs- 75500/ D.D417273/20.2.14 | ഓസോൺ സിസ്റ്റംസ് കോട്ടയം | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഉപകരണങ്ങൾ ആവശ്യമാണ് എന്നുള്ള അപേക്ഷ ഇല്ല. മൂന്ന് പ്രിന്റർ വാങ്ങിയതിൽ മെഡിക്കൽ ഓഫീസർ,വെറ്റിനറി സർജൻ എന്നിവർക്ക് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. |
| 4 | 107/13-14,അഞ്ഞൂറ്റിമംഗലം വൃദ്ധസദനത്തിന് ഫർണിച്ചർ വാങ്ങൽ, 700/13-14, Rs-34998, D.D-365212/4.4.14 | നവഭാരത് ഏജൻസീസ് കോട്ടയം | സ്ഥാപനവുമായി കരാർ വച്ചിട്ടില്ല.സ്റ്റോക്കി ലെടുത്ത് വിതരണം ചെയ്തിട്ടില്ല. എഴുപത് കസേരകളിൽ ഒന്നുപോലും സ്ഥാപനത്തിൽ ഇല്ലാ എന്ന് ഓഡിറ്റ് ടീമിന്റെ നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി |
| 5 | 50/13-14, മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള പെട്ടി. 660/13-14, Rs. 130000.<br><br>D.D. 41809/22.3.14 | അജിമോൻ കൊമ്പനാച്ചാലിൽ ഇടനാട് | 27-9-13 (1)-നമ്പർ കമ്മറ്റി തീരുമാനപ്രകാരം സഹൃദയാ സ്വയംസഹായ സംഘത്തെ ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും ഓരോ ശവസംസ്കാരത്തിനും നൂറ് രൂപാ നിരക്കിൽ പഞ്ചായത്തിൽ അടയ്ക്കുന്നതിനും തീരുമാനിച്ചിരുന്നു |

| | | | |
|---|---|---|---|
| | | | എങ്കിലും നാളിതുവരെ പഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. ചിതപ്പെട്ടി സംഘത്തിന് കൈമാറിയതിന് രേഖകളില്ല. സംഘവുമായി കരാർ ചമച്ചിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല. |
| | ആകെ 560498/- രൂപ | | |

ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഡെപ്പോസിറ്റ് വർക്കുകൾ--വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

തൻവർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ട് നം. പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക | ഡി.ഡി.നം/ തീയതി |
|---|---|---|---|---|
| 1 | എസ്.035/13 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ, ഭരണങ്ങാനം | 2,22,600 | 987030/09.04.13 |
| 2 | എസ്.085/13 ചാമപ്പാറ ഭാഗം കുഴൽക്കിണർ നിർമ്മാണം | ഭൂജലവകുപ്പ്, കോട്ടയം ജില്ലാ കാര്യാലയം | 5,00,000 | 986862/05.04.13 |
| | | ആകെ | 2,72,600 | |

പ്രോജക്ട് പൂർത്തീകരണ-തുക വിനിയോഗ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ കൈമാറിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസ്സം

ഒഴിവാക്കേണ്ടതാണ്.

## 3-5 (a) ചെലവ് സാധൂകരിക്കുന്ന രേഖകളില്ല--തുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള ചെലവുകൾ അവയ്ക്ക് എതിരെ കാണിച്ചിട്ടുള്ള കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ.നം. | പ്രോജക്ടിന്റെ വിവരങ്ങൾ | തുക കൈപ്പറ്റിയ ആളിന്റെ വിവരം | തടസ്സപ്പെടുത്തിയതിന്റെ കാരണങ്ങൾ |
|---|---|---|---|
| 1 | 51/13-14<br><br>ജൈവ വൈവിധ്യ സർവ്വേയും രജിസ്റ്റർ തയ്യാറാക്കലും<br><br>602/13-14<br><br>70000/- രൂപ ഡി.ഡി.നം.417274/20.02.14 | ജോസ് ആന്റണി, മൂലേച്ചാലിൽ | 40231/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയുള്ളൂ. രജിസ്റ്റർ തയ്യാറാക്കിയ വിവരം ഇല്ല |
| 2 | 31/13-14<br><br>കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് ഒടുക്കുന്നതിന് പിൻവലിച്ച തുക<br><br>695/13-14<br><br>70,000/- രൂപ -ലഭ്യമല്ല | - | തുക ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല |

## 3-6 ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകി

ഗ്രാമസഭ തെരഞ്ഞെടുത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നം.,അടങ്കൽ | ധനസഹായം ലഭിച്ച ആളുടെ പേര് | നൽകിയ തുക |
|---|---|---|
| S022/14,<br><br>വികസനഫണ്ട്-250,000 | ഗൗരിയമ്മ കുമാരൻ,പാറയ്ക്കൽ | 25,000 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ടിയാൾ ഗുണഭോക്തൃ ലിസ്റ്റിൽ ടെക്നിക്കൽ കാരണങ്ങളാൽ ഉൾപ്പെടാത്തതാണെന്ന് സംശയിക്കുന്നു എന്നും, 13-ാം വാർഡിന്റെ ഗ്രാമസഭാ മിനിറ്റ്സിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്നും മറുപടി നൽകിയിരുന്നു. ഗ്രാമസഭാ മിനിറ്റ്സിൽ ടിയാളെ അവസാന പേരുകാരിയായി ചേർത്ത് കാണുന്നു. കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചതെന്നും സൂചിപ്പിച്ചിട്ടുണ്ട്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ധനസഹായം നൽകിയതിന് തൊട്ടടുത്ത് ചേർന്ന ഗ്രാമസഭയിൽ നിന്നും സാധൂകരണം തേടേണ്ടതാണ്.

## 3-7 ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിരിക്കുന്നു

പ്രോജക്റ്റ് നം.37/13 അടങ്കൽ 400,000 ചെലവ്- 200,000 വി.ഇ.ഒ.നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന നിർമ്മാണം(എസ്.സി.)വനിത എന്ന പ്രോജക്റ്റിലൂടെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകി. പഞ്ചായത്ത് കമ്മിറ്റിയുടെ 19.03.2013ലെ 1(2)-ാം നമ്പർ തീരുമാന പ്രകാരം ശ്രീമതി.മോളി നെല്ലിയാനിക്കുന്നേൽ, കളത്തുക്കടവ് എന്നയാളെ ഗുണഭോക്താവായി തെരഞ്ഞെടുത്തിരുന്നു. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിലവിൽ ഗുണഭോക്താക്കൾ ഉണ്ടായിരുന്നിട്ടും ലിസ്റ്റിൽ ഇല്ലാതെയിരുന്നയാളെ പരിഗണിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് വി.ഇ.ഒ. നൽകിയ മറുപടിയിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ലായെന്നറിയിച്ചു. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ധനസഹായം നൽകിയതിന് തൊട്ട് അടുത്ത് ചേരുന്ന ഗ്രാമസഭയിൽ നിന്നും സാധൂകരണം തേടേണ്ടതാണ്.

## 3-8 സേവന പുസ്തക പരിശോധന

താഴെ പറയുന്ന ജീവനക്കാരുടെ സേവന പുസ്തകങ്ങളുടെ സൂക്ഷിപ്പിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1) ശ്രീ.ബിജു.വി.ആർ., സീനിയർ ക്ലാർക്ക്**

7.03.2007 ൽ പഞ്ചായത്ത് സർവീസിൽ പ്രവേശിച്ച ശ്രീ.ബിജു.വി.ആർ.ന് രണ്ടാമത്തെ ഇൻക്രിമെന്റിന്റെ സാമ്പത്തികാനുകൂല്യം പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് മുൻപ് നൽകിയിട്ടുണ്ട്. ടിയാന്റെ

പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് 07.03.09 പ്രാബല്യത്തിലാണ്. 01.03.2009 മുതൽ 7.03.2009 വരെ അധികം നൽകിയ ശമ്പളം തിരികെ ഈടാക്കേണ്ടതാണ്.

**2)ശ്രീമതി രശ്മി മോഹൻ, അക്കൗണ്ടന്റ്**

ശ്രീമതി രശ്മി മോഹൻ 2.12.2009 മുതൽ 180 ദിവസത്തെ പ്രസവാവധിയിൽ ആയിരുന്നു. ടി 180 ദിവസം ആർജ്ജിതാവധി കണക്കാക്കിയ വേളയിൽ ഡ്യൂട്ടി ദിവസങ്ങളിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. ആയത് കുറവ് ചെയ്ത് ലീവ് കണക്ക് ക്രമപ്പെടുത്തേണ്ടതാണ്.

**3)ശ്രീ.ജോജോ തോമസ്, അറ്റൻഡർ**

ടിയാൻ സേവനത്തിൽ പ്രവേശിച്ചത് 21.05.2004 ലാണ്. ഇതിനോടകം 3 വർഷത്തെ തുടർച്ചയായ സേവനം പൂർത്തീകരിച്ചതിനാൽ ധനകാര്യവകുപ്പിന്റെ 27.02.2007 ലെ ജി.ഒ.(പി.)നം.75/07ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ആദ്യ വർഷത്തെ ആർജ്ജിതാവധി അക്കൗണ്ട് 1/11 നിരക്കിൽ പുനർ നിർണ്ണയിച്ചിരുന്നു. എന്നാൽ 01.04.2008 മുതൽ 31.03.2009 വരെയുള്ള കാലയളവിലെ ആർജ്ജിതാവധി കണക്കാക്കിയിരിക്കുന്നത് 1/22 നിരക്കിലാണ്. 1/11എന്ന നിരക്കിൽ ലീവ് കണക്കാക്കി ലീവ് അക്കൗണ്ട് പുനഃക്രമീകരിക്കേണ്ടതാണ്.

## 3-9 പശ്ചിമഘട്ട വികസന പദ്ധതി

ഓഡിറ്റ് വർഷങ്ങളിൽ പശ്ചിമഘട്ട വികസന പദ്ധതിയ്ക്കായുള്ള പഞ്ചായത്ത് വിഹിതമായി 3,04,120 /രൂപ പ്രസിഡന്റിന്റേയും കൃഷി ഓഫീസറുടേയും പേരിൽ തലപ്പലം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് (A/C N0.7760) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 65,135രൂപയും, 2013-

14 വർഷം 46,18,493 രൂപയും ഉൾപ്പടെ ആകെ 46,83,628/-രൂപയുടെ ചെലവ് നടന്നിട്ടുണ്ട്. 31/03/2015 ൽ ഈ അക്കൗണ്ടിൽ 1,99,997/-രൂപ അവശേഷിക്കുന്നു.

3-10 തൊഴിലില്ലായ്മ വേതനം.അഡ്മിഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷകരുടെ ജനന തീയതി, ഫോട്ടോ, തുടങ്ങി പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി അഡ്മിഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം പ്രായപരിധിക്ക് ശേഷം വേതനം വിതരണം ചെയ്തിട്ടില്ലായെന്ന് സ്ഥിരീകരിക്കാൻ സാധിച്ചില്ല. രജിസ്റ്റർ തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-11 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 12-13, 13-14 വർഷങ്ങളിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 12-13 | 13-14 |
|---|---|---|
| തൊഴിൽ കാർഡ് ലഭിച്ചവർ | 1373 | 1538 |
| അംഗങ്ങളായ കുടുംബങ്ങൾ | 918 | 739 |
| വിഭാവനം ചെയ്ത പ്രോജക്ടുകൾ | 94 | 103 |
| പൂർത്തിയാക്കിയ പ്രോജക്ടുകൾ | 46 | 46 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 33611 | 31719 |
| 100 ദിവസം തൊഴിൽ ലഭിച്ചവർ | 143 | 165 |

ഓഡിറ്റ് വർഷങ്ങളിലെ വരവ്-ചെലവ് വിവരങ്ങൾ

| ഇനം | 12-13 | 13-14 |
|---|---|---|
| മുന്നിരിപ്പ് | 160064 | 65327 |
| വരവ് | 5978918 | 1944902 |
| ആകെ | 6138982 | 2010229 |
| ചെലവ് | 6073655 | 1999956 |
| നീക്കിയിരിപ്പ് | 65327 | 10273 |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്കുകളുടെ അവലോകനം.

2012-13 വാർഷിക കണക്കുകൾക്ക് 31-12-13 ലെ എൽ.എഫ്.കെ.പി14/GP-58/13 നമ്പരായി വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം നൽകിയിരുന്നു. സാക്ഷ്യപത്രം ചൂണ്ടിക്കാണിച്ചിരുന്ന അപാകതകളിൽ ഇനിയും പരിഹരിക്കാത്തവ താഴെ ചേർക്കുന്നു

1) നികുതി നികുതിയേതര വരവിന്റെ യഥാർഥ കണക്കുകൾ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2) വിവിധ ക്ഷേമ പെൻഷനുകളുടെ യഥാർഥ വരവ്- ചെലവ് കണക്കുകൾ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

<u>വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.</u>

| | |
|---|---|
| മുന്നിരിപ്പ് | 6291314.72 |
| വരവ് | 27656825 |
| ആകെ | 33948139.72 |
| ചെലവ് | 24766045 |
| നീക്കിയിരിപ്പ് | 9182094.72 |

<u>വാർഷിക കണക്കുകളുടെ അവലോകനം 2013-14.</u>

2013-14 വാർഷിക കണക്കുകൾ പ്രാഥമികമായി പരിശോധിച്ച് വിശേഷണങ്ങളോട്ടുകൂടിയ സാക്ഷ്യപത്രം നൽകിയിരുന്നു. (നം.എൽ.എഫ്.കെ.പി.14/Gp/58/14 തീയതി 31-12-14) സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാണിച്ചിരുന്ന വിശേഷണങ്ങൾ പരിഹരിച്ചിട്ടില്ല.)

<u>സാമ്പത്തിക നില -2013-14</u>

| | | | | | |
|---|---|---|---|---|---|

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എ | 3892267 | 9452880 | 13345147 | 13344086 | 1061 |
| ബി | - 0- | 4330008 | 4330008 | 4330008 | -0- |
| സി | 579758 | 3530000 | 4109758 | 4109758 | - 0- |
| ഡി | 2646053 | 3130343 | 5776396 | 4909650 | 866746 |
| ഇ | 65077 | 1947102 | 2012179 | 2002156 | 10023 |
| എഫ് | 1998939.72 | 23301557 | 25300496.72 | 23673411 | 1627085.72 |
| ആകെ | 9182094.72 | 45691890 | 54873984.72 | 52369069 | 2504915.72 |

<u>നീക്കിയിരിപ്പിന്റെ വിശദാംശം 2013-14</u>

| ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|
| സഹകരണ ബാങ്ക് തലപ്പലം | | 814772.72 |
| സ്ഥിരനിക്ഷേപം | | 38005 |
| VPFA-1 | | 866746 |
| SBI NREGA | | 10023 |
| SBT SSA | | 3161 |
| SCB(Saksharatha) | | 451 |
| S.B.T(jalanidhi) | | 681287 |
| | | |

| | | |
|---|---|---|
| വി.പി.എഫ്.എ II(a) | | 8814 |
| വി.പി.എഫ്.എ IV | | 880 |
| വി.പി.എഫ്.എ V | | 181 |
| കൈയ്യിരിപ്പ് പണം | | 80595 |
| | ആകെ | 2504915.72 |

## 4-2 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തിരികെ ഈടാക്കിയ തുക | | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി | ഏത് ഫണ്ടിൽ തിരിച്ചടച്ചു | ചെലാൻ നമ്പർ , തീയതി |
|---|---|---|---|---|---|---|---|
| | | വരവ് നഷ്ടം | ചെലവ് നഷ്ടം | | | | |
| 06-07 | 2-2 | 2500 | | മാവേലി സ്റ്റോർ | 57/28429/11.5.12 | തനത് ഫണ്ട് | |
| 2007-08-T0-11-12 | - | 12500 | | മാവേലി സ്റ്റോർ | 59/41052/30-11-12 | തനത് ഫണ്ട് | |
| 2008-09 | 2-1(ബി) | 600 | | ലഭ്യമല്ല | 11202101051/21-3-13 | തനത് ഫണ്ട് | |
| 2008-09 | 2-1(ബി) | 1250 | | ലഭ്യമല്ല | 11302100516/11-9-13 | തനത് ഫണ്ട് | |
| 09-10 | 3-4 | 6839 | | " | 25/41069/31-8-13 | തനത് ഫണ്ട് | |
| 11-12 | 2-2 | 66 | | ശ്രീ.പി.റ്റി.ഫിലിപ്പ്, പുതുക്കുളങ്ങര, കെട്ടിടമുടമ | 4756818,4756819,4756820/8-7-13 | തനത് ഫണ്ട് | |
| 10-11/11-12 | 2-5 | 2600 | | പഞ്ചായത്തിലെ വിവിധ | | സർക്കാർ ഫണ്ട് | 60/25-9-13 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | സ്കൂളുകൾ | | 0515-00-800-93 | |

4-3 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം** 2012-13

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27656825 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24766045 |
| വരവിനങ്ങളിലുള്ള നഷ്ടം | 2990 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18537 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 549255 |

2013-14

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45691890 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52369069 |
| വരവിനങ്ങളിലുള്ള നഷ്ടം | 4870 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 760267 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ശ്രീ.ടിനു പീറ്റർ, സീനിയർ ക്ലർക്ക്<br>ശ്രീമതി പി.എച്ച്.സെൽമ, സെക്രട്ടറി |
| 2-3 (ബി) | 2990 (12-13) | | ശ്രീ.സന്തോഷ് കുമാർ, സീനിയർ ക്ലർക്ക്,<br>ശ്രീമതി പി.എച്ച്.സെൽമ, സെക്രട്ടറി |
| 2-3 (ബി) | 4870 (13-14) | | " |

**സി) തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 (12-13) | 276655 | ശ്രീമതി പി.എച്ച്.സെൽമ, സെക്രട്ടറി |
| 3-4 (13-14) | 560498 | " |
| 3-5 | 272600 | " |
| 3-5 (a) | 199769 | " |

**ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം** – ഇല്ല

**ഇ) നഷ്ടം നിജപെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നമ്പർ : 2-2, 2-3 (എ), 2-4 (സി)

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം ) ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ടിനു പീറ്റർ,<br>സീനിയർ ക്ലർക്ക് | സെക്ഷൻ ക്ലാർക്ക്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, ആലപ്പുഴ | എരശേരിൽ, പൂന്തോപ്പ് വാർഡ്, ആലപ്പുഴ |
| ശ്രീ.സന്തോഷ് കുമാർ,<br>സീനിയർ ക്ലർക്ക് | കല്ലറ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | സന്തോഷ് ഭവൻ, അപ്പപാറ, വിനോദനികേതൻ, ആര്യനാട്, തിരുവനന്തപുരം |
| ശ്രീമതി<br>പി.എച്ച്.സെൽമ,<br>സെക്രട്ടറി | സെക്രട്ടറി, പുറപ്പുഴ ഗ്രാമപഞ്ചായത്ത് | നൈനുകുന്നേൽ, കരിമണ്ണൂർ പി.ഒ, തൊട്ടുപുഴ |

**ജി) ഓഡിറ്റ് സംഗ്രഹം**

ഓഡിറ്റിന്റെ ഭാഗമായി 20 എൻക്വയറികൾ നൽകിയെങ്കിലും 7 എണ്ണത്തിനു മാത്രമേ മറുപടി ലഭ്യമാക്കിയുള്ളൂ. ലഭ്യമാക്കിയ മറുപടികൾ എല്ലാം നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയതാണ്. പഞ്ചായത്ത് ജീവനക്കാർ ഒരു എൻക്വയറിക്കും മറുപടി ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.

## 4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 98-99 | എൽ.എഫ്.കെ.പി 7/492/01/11.9.01 |
| 99-00- | എൽ.എഫ്.കെ.പി 7/117/01/24.11.04 |

| | |
|---|---|
| 99-2000, 00-01,01-02 (പ്ളാൻ) | എൽ.എഫ്.കെ.പി 7/ 16/04/18.01.05 |
| 2001-02(വരവ്) | എൽ.എഫ്.കെ.പി 3/ 1086/07/28.09.08 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി 7/925/04/4.3.05 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി 3/1087/07/25.09.08 |
| 2003-04 | എൽ.എഫ്.കെ.പി 3/1216/06/25.10.08 |
| 2004-05 | എൽ.എഫ്.കെ.പി 3/790/09/15.09.09 |
| 2005-06 | എൽ.എഫ്.കെ.പി 3/326/09/18.09.09 |
| 06-07 | എൽ.എഫ്.കെ.പി 3/314/11/17.09.11 |
| 07-08 | എൽ.എഫ്.കെ.പി 2/1021/11/12.06.12 |
| 08-09 | എൽ.എഫ്.കെ.പി 2/1022/11/12.06.12 |
| 09-10 , | എൽ.എഫ്.കെ.പി 2/1023/11/12.06.12 |
| 10-11-11-12 | എൽ.എഫ്.കെ.പി 2/312/13/10.04.13 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-5 ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

**എ) ചാർജ് / സർചാർജ് നോട്ടിസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം -**

ഇല്ല

**ബി) ചാർജ്ജ് / സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ / ഈടാക്കിയ തുകയുടെ വിവരം –** ഇല്ല

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോട്ടയം

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡാർഡുകൾ അവലംബിച്ചും തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2012-13 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ വിശദീകരിച്ചിട്ടുള്ള അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2012-13-വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുവെന്നു.ഇത് തയ്യാറാക്കിയത് 1994- ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 ഉം അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം-2

# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡാർഡുകൾ അവലംബിച്ചും തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2013-14 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ വിശദീകരിച്ചിട്ടുള്ള അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2013-14-വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.ഇത് തയ്യാറാക്കിയത് 1994- ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 ഉും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**